**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4321** **18-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | (എ) & (ബി)<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ഇയർ ഓഫ് എന്റർപ്രൈസസ് 1.0 എന്ന പരിപാടിയുമായി ബന്ധപ്പെട്ട് ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് പ്രോഗ്രാമിന് 80,000/- രൂപയും ലോൺ ലൈസൻസ് സബ്സിഡി മേളയ്ക്കായി 40,000/- രൂപയും ഇന്റേണുകൾക്ക് ശമ്പളമായി 16,31,026/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>ഇയർ ഓഫ് എന്റർപ്രൈസസ് 2.0 എന്ന പരിപാടിയുമായി ബന്ധപ്പെട്ട് ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് പ്രോഗ്രാമിന് 40,000/- രൂപയും ലോൺ ലൈസൻസ് സബ്സിഡി മേളയ്ക്കായി 40,000/- രൂപയും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിനായി 24,000/- രൂപയും എന്റർപ്രൈസ് ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവ്സിന് ശമ്പളമായി 17,01,572/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>ഇയർ ഓഫ് എന്റർപ്രൈസസ് 3.0 എന്ന പരിപാടിയുമായി ബന്ധപ്പെട്ട് ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് പ്രോഗ്രാമിന് 40,000/- രൂപയും സംരംഭക സഭയ്ക്കായി 40,000/- രൂപയും എന്റർപ്രൈസ് ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവ്സിന് ശമ്പളമായി 18,02,003/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതിയ്ക്കായി 8,05,122/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കുന്നത്തുനാട് നിയോജക മണ്ഡലത്തെ ഉൾക്കൊള്ളിച്ച് കൊണ്ട് പെരുമ്പാവൂർ നഗരസഭയിൽ വെച്ച് താലൂക്ക് തല എക്സിബിഷൻ നടത്തിയതിന് 4,00,000/- രൂപയും എം.എസ്.എം.ഇ ഇൻഷുറൻസ് പദ്ധതിയ്ക്കായി 32,183/- രൂപയും ചെലവഴിച്ചു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (സി) | മണ്ഡലത്തിൽ പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ? | (സി) | കുന്നത്തുനാട് നിയോജക മണ്ഡലത്തിന് മാത്രമായി പുതിയ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ, കുന്നത്തുനാട് നിയോജക മണ്ഡലവും ഉൾക്കൊള്ളിച്ച് കൊണ്ട് കുന്നത്തുനാട് താലൂക്കിനു കീഴിൽ ഈ സാമ്പത്തിക വർഷം തന്നെ ബാങ്കേഴ്സ് മീറ്റ് എം.എസ്.എം.ഇ ക്ലിനിക്ക് എന്നീ പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പരിപാടികൾക്കായി 70,000/- രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ